102 (498) ഇ.എം.എസ്. തൊഴിലാളി പഠനകേന്ദ്രം

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കളമശ്ശേരി കേന്ദ്രമാക്കി ഇ.എം.എസ് തൊഴിലാളി പഠന കേന്ദ്രം എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ഈ കേന്ദ്രത്തെ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ഡി) ഈ കേന്ദ്രത്തിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ;

(ഇ) എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന് അറിവില്ല.

(ബി)-(ഇ) ഉദിക്കുന്നില്ല.

103 (499) മയ്യിൽ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽപ്പെടുന്ന മയ്യിൽ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഇ.എസ്.ഐ. സ്കീമിൽനിന്നും ഒഴിവാക്കുന്നതിനുവേണ്ടി എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത നിവേദനത്തിൻമേൽ ഇ.എസ്.ഐ. കോർപ്പറേഷൻ റീജിയണൽ ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ജില്ലാ ലേബർ ഓഫീസറോടും ഇക്കാര്യത്തിലുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

104 (500) നെടുമങ്ങാട് താലൂക്കിലെ മെർക്കിസ്റ്റൺ ടീ എസ്റ്റേറ്റിലെ സമരം

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിലെ മെർക്കിസ്റ്റൺ ടീ എസ്റ്റേറ്റിലെ ഒരു വിഭാഗം തൊഴിലാളികൾ സമരത്തിലേർപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) എസ്റ്റേറ്റ് പ്രവർത്തനത്തിൽ പ്രസ്തുത സമരം സ്തംഭനം ഉണ്ടാക്കാതിരിക്കുവാൻ നടപടിയെടുക്കണമെന്ന് ഹൈക്കോടതി ഉത്തരവ് നൽകിയിരുന്നോ;

(ഡി) ഈ ഉത്തരവനുസരിച്ച് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) ഒരു നടപടിയും എടുക്കാത്തപക്ഷം അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(എഫ്) തൊട്ടടുത്ത് പ്രവർത്തനരഹിതമായിക്കിടക്കുന്ന ബോണക്കാട് എസ്റ്റേറ്റിൽനിന്നും തൊഴിലാളികൾ കൊണ്ടുവരുന്ന കൊളുന്ത് മെർക്കിസ്റ്റർ എസ്റ്റേറ്റിൽ സ്വീകരിക്കാമെന്ന് എഗ്രിമെന്റുണ്ടാക്കിയിട്ടുണ്ടോ;

(ജി) എങ്കിൽ രണ്ടു തോട്ടങ്ങളിലെ തൊഴിലാളികളുടേയും താൽപ്പര്യം സംരക്ഷിക്കുന്ന മെർക്കിസ്റ്റൺ ടീ എസ്റ്റേറ്റിലെ സമരം അവസാനിപ്പിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള പ്ലാന്റേഷൻ എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു.) ന്റെ ജനറൽ ഡിമാന്റുകൾ അംഗീകരിക്കുന്നതിനുവേണ്ടിയാണ് സമരം.

(സി) ഇല്ല.

(ഡി)&(ഇ) ഉദിക്കുന്നില്ല.

(എഫ്) ഇല്ല.

(ജി) സമരം അവസാനിപ്പിക്കുന്നതിനുള്ള അനുരഞ്ജനചർച്ചകൾ നടന്നുവരുന്നു.

105 (501) കേരള ആർട്ടിസാൻസ് യൂണിയന്റെ വാഹന പ്രചരണ ജാഥ

ശ്രീ. എം. മുരളി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ആർട്ടിസാൻസ് യൂണിയൻ 1999 മെയ് മാസത്തിൽ ഒരു സംസ്ഥാന വാഹന പ്രചരണജാഥ നടത്തിയിരുന്നുവോ;

(ബി) എങ്കിൽ ഏതെല്ലാം ആവശ്യങ്ങൾ നേടുന്നതിനാണ് ഈ ജാഥ നടത്തിയത്;

(സി) ഈ ആവശ്യങ്ങളിൽ ഏതെല്ലാം ഗവൺമെന്റ് അംഗീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ ഫലമായി എത്ര പേർക്ക് പ്രയോജനം ലഭിച്ചു?

LIBRARY ARCHIVES Kerala Legislative Assembly